# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 458 — 06-02-2014-ൽ മറുപടിക്ക്.

**മദ്യനയം സംബന്ധിച്ച കമ്മീഷൻ**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. സി. ദിവാകരൻ:<br>" പി. തിലോത്തമൻ:<br>" ജി. എസ്. ജയലാൽ:<br>" വി. ശശി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യനയം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കമ്മീഷനെ എന്നാണ് നിയമിച്ചത്; | (എ) 23-01-2013-ലെ, ജി.ഒ.(എം.എസ്) 12/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരമാണ്, സമഗ്ര മദ്യനയം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഏകാംഗ കമ്മീഷനെ നിയമിച്ചത്. |
| (ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ബാർലൈസൻസിനുള്ള അനുമതിയ്ക്കായി എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 23-01-2013-ലെ, ജി.ഒ.(എം.എസ്) 12/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരം, സർക്കാർ ഏകാംഗ കമ്മീഷനെ നിയമിക്കുകയും, ടി ഉത്തരവിന്റെ തീയതി മുതൽ പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്മേൽ നയപരമായ തീരുമാനമെടുക്കുന്നതു വരെ, പുതിയ ബാർ ലൈസൻസുകൾ നൽകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയും, ആയതു പ്രകാരം വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ബാർ ലൈസൻസിനായി ലഭിച്ച എല്ലാ അപേക്ഷകളും സർക്കാർ നിരസിച്ചിട്ടുണ്ട്. നിലവിൽ ഒരപേക്ഷയും അനുമതിയ്ക്കായി കെട്ടിക്കിടപ്പില്ല.<br>സീപോർട്ട് ഹോട്ടൽസ് കൊച്ചിൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന ഹോട്ടൽ എഫ്.എൽ.3 ലൈസൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷ, 25-01-2013-ലെ ജി.ഒ.(ആർറ്റി)72/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിരസിച്ചിട്ടുള്ളതും എന്നാൽ, ബഹു. കേരള ഹൈക്കോടതി, റിട്ട് പെറ്റീഷൻ 6558/13-ന്മേൽ 21-03-2013-ൽ പുറപ്പെടുവിച്ച വിധിയിലൂടെ പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദു ചെയ്യുകയും, അപേക്ഷ പുനഃപരിഗണിക്കുന്നതിനായി സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻമേൽ സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ആഫീസർ